**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2320** **30-07-2021 - ൽ മറുപടിയ്ക്ക്**

**റ്റി.എം. ചിറ പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം, കരുനാഗപ്പള്ളി മണ്ഡലത്തിലെ തീരദേശവാസികളുടെ ചിരകാല സ്വപ്നമായ റ്റി.എം. ചിറ പാലം എന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ക്ലാപ്പന പഞ്ചായത്തിലെ ഒന്നാം വാർഡായ ആയിരംതെങ്ങിനേയും കായംകുളം നിയോജക മണ്ഡലത്തിലെ ദേവികുളങ്ങര പഞ്ചായത്തിലെ ഒൻപതാം വാർഡിൽ ഉൾപ്പെട്ട റ്റി. എം. ചിറ ദ്വീപിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന 10 മീറ്റർ സ്പാനുള്ള റ്റി. എം. ചിറ ആയിരംതെങ്ങ് പാലം നിർമ്മിക്കുന്നതിന് നബാർഡ് RIDF XIX പദ്ധതിയിലുൾപ്പെടുത്തി 260 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ സമയത്ത് പാലത്തിലേക്കുള്ള അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഫിഷറീസ് വകുപ്പിൽ നിന്നും ഏറ്റെടുത്ത് ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റിന് കൈമാറാമെന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പ് നൽകിയിരുന്നു. എന്നാൽ നിലവിലുള്ള നടവഴി അപ്രോച്ച് ആയി ഉപയോഗിച്ചാൽ ഫിഷറീസ് വകുപ്പ് അധീനതയിലുള്ള ഫാം രണ്ടായി മുറിഞ്ഞുപോകും എന്നതിനാൽ ഫിഷറീസ് വകുപ്പിൽ നിന്ന് അപ്രോച്ച് റോഡിനു സ്ഥലം ലഭ്യമാക്കുവാൻ സാധിക്കാത്തതിനാൽ RIDF XIX-ലെ പദ്ധതി നടപ്പാക്കുന്നതിന് കഴിഞ്ഞില്ല. RIDF XIX-ന്റെ കാലാവധി 2019-ൽ അവസാനിച്ചു. |
| (ബി) | ഉണ്ടെങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ക്ലാപ്പന പഞ്ചായത്തിലെ ഒന്നാം വാർഡായ ആയിരംതെങ്ങിനേയും കായംകുളം നിയോജക മണ്ഡലത്തിലെ ദേവികുളങ്ങര പഞ്ചായത്തിലെ ഒൻപതാം വാർഡിൽ ഉൾപ്പെട്ട റ്റി. എം. ചിറ ദ്വീപിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന 10 മീറ്റർ സ്പാനുള്ള റ്റി. എം. ചിറ ആയിരംതെങ്ങ് പാലം നിർമ്മിക്കുന്നതിന് നബാർഡ് RIDF XIX പദ്ധതിയിലുൾപ്പെടുത്തി 260 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ സമയത്ത് |

| | | | |
|---|---|---|---|
| | | | പാലത്തിലേക്കുള്ള അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഫിഷറീസ് വകുപ്പിൽ നിന്നും ഏറ്റെടുത്ത് ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റിന് കൈമാറാമെന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പ് നൽകിയിരുന്നു. എന്നാൽ നിലവിലുള്ള നടവഴി അപ്രോച്ച് ആയി ഉപയോഗിച്ചാൽ ഫിഷറീസ് വകുപ്പ് അധീനതയിലുള്ള ഫാം രണ്ടായി മുറിഞ്ഞുപോകും എന്നതിനാൽ ഫിഷറീസ് വകുപ്പിൽ നിന്ന് അപ്രോച്ച് റോഡിനു സ്ഥലം ലഭ്യമാക്കുവാൻ സാധിക്കാത്തതിനാൽ RIDF XIX-ലെ പദ്ധതി നടപ്പാക്കുന്നതിന് കഴിഞ്ഞില്ല. RIDF XIX-ന്റെ കാലാവധി 2019-ൽ അവസാനിച്ചു. |
| (സി) | റ്റി.എം. ചിറ പാലം യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | വരും വർഷങ്ങളിൽ ഈ പ്രദേശത്ത് യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ